പരപ്പനങ്ങാടി ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ

142 (367) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരപ്പനങ്ങാടി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ ഭൂമി മണ്ണിട്ട് ഉയർത്തുന്നതിന്റേയും റീടെയിനിംഗ് വാൾ കെട്ടുന്നതിന്റെയും 70 ശതമാനം പണി പൂർത്തിയായിട്ടുണ്ട്.

(ബി) 110 കെ. വി. ഒളവട്ടൂർ-പരപ്പനങ്ങാടി ലൈനിന്റെ പണിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ ജോലി തടസ്സപ്പെട്ടിരിക്കുകയാണ്. വ്യവഹാരങ്ങൾ തീർന്നാലുടൻ നിർമ്മാണം പൂർത്തീകരിച്ച് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുവാൻ കഴിയും.

കാസർകോട് ജില്ലയിൽ വിദ്യുച്ഛക്തി പദ്ധതികൾ

143 (368) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ പണി നടന്നുവരുന്ന വിദ്യുച്ഛക്തി പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത ഓരോ പദ്ധതികളും എന്നേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാസർകോട് ജില്ലയിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. 20 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കാസർകോട് പവർ കോർപ്പറേഷന്റെ ഡീസൽ താപനിലയം (സഹകാര്യമേഖലയിൽ സ്ഥാപിക്കുന്നത്.)

2. 107 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഡി.സി. പവർ ലിമിറ്റഡിന്റെ താപനിലയ (സഹകാര്യ മേഖലയിൽ സ്ഥാപിക്കുന്നത്)ത്തിന്റെ പ്രാരംഭ പ്രവർത്തനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസരണ മേഖലയിൽ താഴെ പറയുന്ന പദ്ധതികളാണ് നടന്നു വരുന്നത്.

1. 110 കെ. വി. സബ്സ്റ്റേഷൻ - 1 എണ്ണം.

2. നിലവിലുള്ള 110 കെ. വി. സബ്സ്റ്റേഷനുകളിൽ 110/33 കെ.വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് - 3 സബ്സ്റ്റേഷനുകളിൽ.

3. 33 കെ.വി. സബ്സ്റ്റേഷൻ - 8 എണ്ണം. വിതരണ മേഖലയിൽ താഴെപറയുന്ന പണികളാണ് നടന്നുവരുന്നത്.

1. 31-3-1996 വരെ മിനിമം ഗ്യാരന്റി വച്ചിട്ടുള്ള എല്ലാ ലൈൻ എക്സ്റ്റൻഷൻ ജോലികളും പൂർത്തീകരിക്കുക.

2. 31-12-1998 വരെ രജിസ്റ്റർ ചെയ്ത എല്ലാ ഓവർ ഹെഡ് സർവ്വീസ് കണക്ഷനുകളും പൂർത്തീകരിക്കുക.

3. 31-8-2000 വരെ പണമടച്ച എല്ലാ വൈദ്യുതി പ്രൂഫ് സർവ്വീസ് കണക്ഷനുകളും നൽകുക.

4. വോൾട്ടേജ് ഇംപ്രൂവ്മെന്റ് സിസ്റ്റം ഇംപ്രൂവ്മെന്റ് ജോലികൾ മുൻഗണനാ ക്രമത്തിൽ ചെയ്തു തീർക്കുക.

(ബി) കാസർകോട് പവർ കോർപ്പറേഷന്റെ 20 മെഗാവാട്ട് ഡീസൽ നിലയം 2001 മാർച്ചിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡി.സി. പവർ ലിമിറ്റഡിന്റെ പദ്ധതി വേണ്ടത്ര നിർമ്മാണ പുരോഗതി കൈവരിച്ചിട്ടില്ല. പ്രസരണ മേഖലയിലെ പദ്ധതികളിൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം 2001 ഏപ്രിൽ മാസത്തിലും മറ്റുള്ളവ ഈ സാമ്പത്തിക വർഷത്തിലും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിതരണ വിഭാഗത്തിൻ കീഴിലെ ജോലികൾ സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ ചെയ്തു തീർക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) രാജപുരത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ തുടങ്ങുന്നതിനും കൂടാതെ മറ്റൊരു 110 കെ.വി. സബ്സ്റ്റേഷൻ തുടങ്ങുന്നതിനും ഉള്ള നിർദ്ദേശം പരിഗണനയിലാണ്.

(ഡി) ഇവ പരിഗണനയിലിരിക്കുന്നതേയുള്ളൂ. അന്തിമ തീരുമാനമായിട്ടില്ല.

കാസർകോട് ജില്ലയിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ തസ്തികകൾ

144 (369) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിലെ കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള വിവിധ ഓഫീസുകളിൽ എത്ര തസ്തികകൾ ഉണ്ടെന്ന് ഓഫീസ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly